(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(എഫ്) 731 പണികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 516 പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) കുളങ്ങളുടെ പുനരുദ്ധാരണവും, ക്രോസ്ബാറുകളുടെ നിർമ്മാണവും, ബണ്ടുകളുടെ ബലപ്പെടുത്തലും, ഫാം റോഡുകളുടെ നിർമാണവും ഉൾപ്പെടെയുള്ള എം. ഐ. ക്ലാസ്സ്-2 വിഭാഗത്തിൽപ്പെടുന്ന പണികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും ശുദ്ധജലമെത്തിക്കാൻ പദ്ധതി

55 (1966) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര കുടുംബങ്ങളിൽ ഇപ്പോൾ ശുദ്ധജല മെത്തിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിന് എന്തു മുതൽമുടക്ക് വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) ഗ്രാമീണ ശുദ്ധജല വിതരണത്തിനുള്ള കേന്ദ്ര സഹായം നൽകുന്നതിന് മാനദണ്ഡമാക്കിയിട്ടുള്ള വസ്തുതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഗാർഹിക കണക്ഷനുകൾ മുഖേന സംസ്ഥാനത്തെ 7,22,550 കുടുംബങ്ങളിൽ ഇപ്പോൾ ശുദ്ധജലം എത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിന് വേണ്ടിവരുന്ന മുതൽ മുടക്ക് കണക്കാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും പരിമിതമായ തോതിലെങ്കിലും (ഗ്രാമീണ ജനതയ്ക്ക് ആളൊന്നിന് പ്രതിദിനം 40 ലിറ്റർ എന്ന കണക്കിലും നഗരവാസികൾക്ക് പ്രതിദിനം 70 ലിറ്റർ എന്ന കണക്കിലും) ശുദ്ധജലമെത്തിക്കുന്നതിന് ഉദ്ദേശം 1423 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

'രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പേരിൽ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതി കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത സംരംഭമായാണ് നടപ്പിലാക്കുന്നത്. അതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) മേൽസൂചിപ്പിച്ച പദ്ധതിയുടെ ഭാഗമായി 128 പ്രധാന പദ്ധതികൾ 1998-99, 1999-2000, 2000-2001 എന്നീ വർഷങ്ങളിലായി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അതിൽ 39 പദ്ധതികൾ 1998-99-ൽ പൂർത്തിയാക്കി. നടപ്പു സാമ്പത്തിക വർഷം 48 പദ്ധതികളും, 2000-2001 ൽ 41 പദ്ധതികളും കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി 50 സെൻസസ് ടൗണുകളിൽ ശുദ്ധജലം എത്തിക്കുക, 2144 എൻ. സി./പി.സി. വാർഡുകളിൽ ശുദ്ധജലം എത്തിക്കുക എന്നീ പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ നടപ്പിലാക്കേണ്ടതുണ്ട്.

(ഡി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്കുള്ള കേന്ദ്രസഹായം സംസ്ഥാനങ്ങൾക്ക് നൽകുന്നതിനുള്ള മാനദണ്ഡം താഴെപറയുന്ന പ്രകാരമാണ്. (1-4-1999 മുതൽ പ്രാബല്യത്തിലുള്ളത്)

	വെയിറ്റേജ്	ശതമാനം
എ	ഗ്രാമീണ ജനത	40
ബി	ഡി.ഡി.പി, ഡി. പി. എ. പി., എച്ച്. എ. ഡി. പി, സ്പെഷ്യൽ കാറ്റഗറി ഹിൽസ്റ്റേറ്റ്	35
സി	എൻ. സി./ പി. സി. ഗ്രാമങ്ങൾ (2:1 അനുപാതം)	10
ഡി	ക്വാളിറ്റി പ്രശ്നമുള്ള ഗ്രാമങ്ങൾ 40 : 40 : 15 : 5	5
ഇ	മൊത്തം ജല ലഭ്യത	10

കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായ പ്രോവിഷൻ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള ഒരു കമ്മിറ്റിയിൽ വെച്ചാണ് ഏറ്റെടുക്കേണ്ട പദ്ധതികൾ അംഗീകരിക്കുന്നത്. ആളോഹരി പ്രതിദിനം 8 ലിറ്റർ വരെ ജല ലഭ്യതയുള്ള പ്രദേശങ്ങൾക്കും ക്വാളിറ്റി പ്രശ്നമുള്ള ഗ്രാമങ്ങൾക്കും വേണ്ടിയുള്ള പദ്ധതികൾക്കുമാണ് ഇപ്പോൾ മുൻഗണന നൽകി അംഗീകരിച്ചു വരുന്നത്.

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[8-7-1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 55 (1966) ദയവായി കാണുക]

2000-ാം ആണ്ടോടെ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതി പ്രകാരം ഓരോ വകുപ്പും നടപ്പിലാക്കേണ്ട പദ്ധതികളുടെ സംക്ഷിപ്ത വിവരണവും ആവശ്യമായ ഫണ്ടും

Rs. in crore

Name of implementing Agency	*Program*	*Funds required during 1998-99*	*Funds required during 1999-90*	*Funds required during 2000-01*	*Total*
(1)	*(2)*	*(3)*	*(4)*	*(5)*	*(6)*
1. Kerala water Authority	a. Completion of 65 ongoing schemes before 31st March 1999	42.44			42.44
	b. Completion of 2.2 ongoing schemes before 31st March 2000	15.92	11.52	0.21	27.65
	c. Completion of 41 ongoing schemes before 31st March 2001	51.79	51.17	34.94	137.90
	d. Coverage of remaining census towns and other urban areas	25.00	25.00	27.09	77.09
	e. Coverage of NC and PC habitations to a level of 40 lpcd.	170.00	170.00	170.70	510.70
	Sub Total	305.15	257.69	232.94	795.78

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
2. Ground Water Department	a. Repair of 2000 bore wells	0.40			0.40
	b. Coverage of remaining census towns and other urban areas	0.42	1.00	1.00	2.42
	c. Coverage of NC and PC habitations to a level of 40 lpcd.	20.00	20.00	24.30	64.30
	Sub Total	20.82	21.00	25.30	67.12
3. Local Bodies	a. Completion of Mini Water supply Schemes, rejuvenation of community wells, development of ponds and protection of spot sources	160.00	160.00	170.00	490.00
	b. Coverage of census towns and other urban areas	10.50	30.00	30.00	70.50
	Total	496.47	468.69	458.24	1423.40

LIBRARY ARCHIVES Kerala Legislative Assembly